2024-25 വർഷത്തെ വാർഷിക പി ടി എ ജനറൽ ബോഡി യോഗത്തിലേക്ക് എല്ലാ അദ്ധ്യാപകരെയും രക്ഷ കർത്താക്കളെയും പി ടി എ എക്സിക്യൂട്ടീവ് കമ്മിറ്റിക്കു വേണ്ടി സ്വാഗതം ചെയ്യുന്നു

21.02.2024 രാവിലെ 11ന് കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് , പ്രസിഡൻറ് ഡോ .സുനിൽ അൽഫോൺസിന്റെ അധ്യക്ഷതയിൽ ചേർന്ന പിടിഎ വാർഷിക പൊതുയോഗത്തിൽ 24-25 വർഷത്തെ ഭരണസമിതി അധികാരം ഏറ്റു. പ്രിൻസിപ്പാൾ ഡോ .സുനിൽ അൽഫോൺസ് പ്രസിഡന്റായും, ശ്രീമതി സിന്ധു ശ്രീധരൻ വൈസ് പ്രസിഡന്റായും, ശ്രീമതി ഉത്തര യു ആർ സെക്രട്ടറി ആയും തിരഞ്ഞെടുക്കപ്പെട്ടു. ശ്രീ ഷാജി ആർ, ശ്രീ കിരൺ , ശ്രീ സജീവൻ ടി കെ, ശ്രീമതി രജിത കെ പി, ശ്രീ ശ്രീജിത്ത് എസ് എന്നിവരെ രക്ഷകർത്താക്കളുടെ പ്രതിനിധികളായും, ശ്രീമതി സിന്ധു വി.എസ്, ശ്രീ.നിതിൻ രാജൻ, ശ്രീ. സുനിൽ രാമചന്ദ്രൻ എന്നിവർ അധ്യാപക പ്രതിനിധികളായും തിരഞ്ഞെടുക്കപ്പെട്ടു.

21.02.2024 ഉച്ചയ്ക്ക് ഒരു മണിക്ക് പിടിഎ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ആദ്യ യോഗം നടക്കുകയും ജനറൽബോഡി യോഗ തീരുമാനങ്ങൾ സമയബന്ധിതമായി നടത്തി തീർക്കുവാൻ തീരുമാനിക്കുകയും ചെയ്തു. ഇതുപ്രകാരം ഗവൺമെൻറ് കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷനിലെ 400 മീറ്റർ സിന്തറ്റിക് ട്രാക്കിനായി പരിസരത്തുള്ള പഴശ്ശിരാജ മ്യൂസിയത്തിൽ നിന്ന് 18 സെൻറ് സ്ഥലം ലഭിക്കുന്നതിനുവേണ്ടി പുരാവസ്തു വകുപ്പ് മന്ത്രിയായ ശ്രീ കടന്നപ്പള്ളി രാമചന്ദ്രനെ പിടിഎ എക്സിക്യൂട്ടീവ് അംഗം ശ്രീ സജീവൻ ന്റെ നേതൃത്വത്തിൽ നേരിട്ട് കണ്ട് ഇക്കാര്യം ശ്രദ്ധയിൽ പെടുത്തുകയുണ്ടായി. എന്നാൽ ഡെപ്യൂട്ടി ചീഫ് സെക്രട്ടറിയുടെ തീയതിയിൽ വന്ന കത്ത് പ്രകാരം മ്യൂസിയത്തിന്റെ പ്രധാന കവാടത്തിന്റെ ഭൂരിഭാഗവും നഷ്ടപ്പെടും എന്നതിനാൽ ഈ സ്ഥലം നൽകുവാൻ സാധ്യമല്ല എന്ന് രേഖാമൂലമുള്ള മറുപടി ലഭിച്ചിട്ടുണ്ട്. ഇതിനെ തുടർന്ന് മ്യൂസിയത്തിന്റെ മുൻവശം ഒഴിവാക്കി 400 മീറ്റർ ട്രാക്ക് ലഭിക്കുന്ന രീതിയിൽ ഒരു പ്ലാൻ തയ്യാറാക്കി ഉന്നത വിദ്യാഭ്യാസ വകുപ്പിന് കൈമാറുവാൻ കോളേജ് കൗൺസിൽ തീരുമാനിച്ചു.

പി ടി എ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഗവൺമെൻറ് കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷനിലെ പുരുഷ വനിത ഹോസ്റ്റലിൽ

നിന്നും മെസ് ഇനത്തിൽ ലഭിക്കേണ്ട 10 ലക്ഷത്തിനു മേലുള്ള തുക പിരിച്ചെടുക്കുന്നതിന് വേണ്ടി കമ്മിറ്റി അംഗങ്ങൾ ഗ്രൂപ്പ് തിരിഞ്ഞു പ്രവർത്തിക്കുകയും ഈ തുക സമാഹരിക്കുവാൻ സാധിക്കുകയും ചെയ്തു. പിടിഎ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ സമർത്ഥമായ ഇടപെടൽ മൂലമാണ് ഈ തുക പിരിച്ചെടുക്കാൻ സാധിച്ചത് എന്ന് സന്തോഷപൂർവ്വം സ്മരിക്കുന്നു. ഏത് അടിയന്തര സാഹചര്യം ഉണ്ടായാലും വളരെ പെട്ടെന്ന്, പരമാവധി ക്ലാസ് നഷ്ടപ്പെടാതെ കോളേജിന്റെ പ്രവർത്തനങ്ങൾ പൂർവസ്ഥിതിയിൽ ആക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുവാൻ പി ടി എ ക്ക് സാധിച്ചിട്ടുണ്ട്.

2023-24 വർഷത്തിൽ കോളേജിലെ അധ്യാപക വിദ്യാർത്ഥികളുടെ പ്രകടനങ്ങളെ മുൻനിർത്തി അവർക്ക് വേണ്ട അനുമോദന ചടങ്ങ് കോളേജ് മെറിറ്റ് ഡേ എന്ന പേരിൽ വളരെ വിപുലമായി നടത്തുകയുണ്ടായി. കോഴിക്കോട് ജില്ല സ്പോർട്സ് കൗൺസിൽ പ്രസിഡൻറ് ശ്രീ. ഒ .രാജഗോപാൽ പരുപാടി ഉദ്ഘാടനം ചെയ്തു. കാലിക്കറ്റ് യൂണിവേഴ്സിറ്റി ഇൻറർ കോളേജിയേറ്റ് മത്സരങ്ങൾ, സൗത്ത് സോൺ അന്തർ സർവകലാശാല മത്സരങ്ങൾ ,അഖിലേന്ത്യ അന്തർ സർവകലാശാല മത്സരങ്ങൾ, വിവിധ സംസ്ഥാന- ദേശീയ- അന്തർദേശീയ മത്സരങ്ങളിൽ പങ്കെടുത്ത് കോളേജിനു വേണ്ടി അഭിമാന നേട്ടം കൈവരിച്ച വിദ്യാർത്ഥികളെ ചടങ്ങിൽ ഉപഹാരം നൽകി അനുമോദിച്ചു. കൂടാതെ 2023-24 വർഷം അക്കാദമിക രംഗത് നേട്ടങ്ങൾ കൈവരിച്ച വിദ്യാർത്ഥികളെയും യോഗം അനുമോദിച്ചു.

2024-25 വർഷത്തെ പൊതുസ്ഥലമാറ്റത്തെ തുടർന്ന് ഡോ. പ്രസന്നകുമാരൻ കെ പുതിയ പ്രിൻസിപ്പലായി ചാർജെടുക്കുകയും , 4.9.2024 തീയതിയിൽ നടന്ന പിടിഎ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിൽ പിടിഎ പ്രസിഡണ്ട് സ്ഥാനം ഏറ്റെടുക്കുകയും ചെയ്തു.

2024-25 അധ്യയന വർഷം B.P.Ed രണ്ടുവർഷം (53) എം പി എഡ് (33)വീതം ആകെ 86 കുട്ടികൾ അഡ്മിഷൻ എടുത്തിട്ടുണ്ട്. അവരിൽ നിന്നും ആകെ 339500 രൂപ പിടിഎ ഫണ്ടിനത്തിൽ കളക്ട് ചെയ്തിട്ടുണ്ട് കോളേജ് ഗ്രൗണ്ട് ഇൻഡോർ സ്റ്റേഡിയം കോളേജ് ഓഡിറ്റോറിയം തുടങ്ങിയവയുടെ വാടകയിനത്തിൽ 313840 രൂപ സമാഹരിക്കുകയും ചെയ്തു. കോളേജ് പുരുഷ വനിതാ ഹോസ്റ്റലിലെ അടിയന്തര ചെലവുകൾ നടത്തുന്നതിനുവേണ്ടി ഹോസ്റ്റൽ എമർജൻസി ഫണ്ട് എന്ന് നിലയിൽ വിദ്യാർഥികളിൽ നിന്ന് 1000 രൂപ വെച്ച്

സമാഹരിക്കുകയും ചെയ്തു. ഈ കാലയളവിൽ സർക്കാരിൽ നിന്നും 70 ലക്ഷത്തി എഴുപത്തിയേഴായിരത്തി 333 രൂപ ലഭിക്കുകയും, ഈ തുക ബാത്റൂം പുതുക്കി പണിയൽ, ഫർണിച്ചർ, ഐടി പർച്ചേസ്, തുടങ്ങിയവയിലേക്കായി വകയിരുത്തുകയും ചെയ്തിട്ടുള്ളതാണ്.

2024-25 വർഷത്തിൽ വളരെ മികച്ച പ്രകടനമാണ് നമ്മുടെ വിദ്യാർഥികൾ വിവിധ മത്സരങ്ങളിൽ കാഴ്ചവെച്ചത് .ഉത്തരാഖണ്ഡിൽ വച്ച് നടന്ന ദേശീയ ഗെയിംസിൽ നമ്മുടെ കോളേജിൽ നിന്നും പങ്കെടുത്ത കുമാരി അശ്വിനി, കുമാരി സൂര്യ ശങ്കർ എന്നിവർ കളരിപ്പയറ്റ് ഹൈ ക്കിക്ക് വിഭാഗത്തിൽ യഥാക്രമം സ്വർണം വെള്ളി മെഡലുകൾ നേടുകയുണ്ടായി. കൂടാതെ അന്തർ സംസ്ഥാന -അന്തർ സർവകലാശാല മത്സരങ്ങളിൽ 20ന്മേൽ വിദ്യാർഥികൾ മെഡലുകൾ കരസ്ഥമാക്കുകയുണ്ടായി. ഈ വർഷത്തെ കാലിക്കറ്റ് യൂണിവേഴ്സിറ്റി ഇൻറർ കോളേജിയേറ്റ് മത്സരങ്ങളിൽ മികവാർന്ന നേട്ടം കൈവരിക്കാൻ കോളേജിനായി. ചിട്ടയായ പരിശീലനവും വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും ആത്മസമർപ്പണവും ഈ നേട്ടം കൈവരിക്കുന്നതിന് പ്രചോദനമായി.

ഈ അക്കാദമിക വർഷം കാലിക്കറ് യൂണിവേഴ്സിറ്റി ഇന്റർ കോളേജിയേറ്റ് മത്സരങ്ങളിൽ റഗ്ബി വനിത വിഭാഗത്തിൽ സ്വർണവും ഫെൻസിങ് പുരുഷ വിഭാഗത്തിൽ ഓവറോൾ കിരീടവും ഹോക്കി വനിതാ വിഭാഗത്തിൽ രണ്ടാം സ്ഥാനവും പുരുഷ വിഭാഗം രണ്ടാം സ്ഥാനവും ക്രിക്കറ്റ് വനിതാ വിഭാഗത്തിൽ മൂന്നാം സ്ഥാനവും നേടുവാൻ കോളേജിന് സാധിച്ചു. 2023-24 വർഷത്തെ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ കായിക രംഗത്തെ മികച്ച കോളേജുകളുടെ പട്ടികയിൽ സർക്കാർ കോളജുകളിൽ ഒന്നാം സ്ഥാനവും സർക്കാർ എയ്ഡഡ് സംയോജിതമായി എട്ടാം സ്ഥാനവും നേടാൻ നമ്മുടെ കോളേജിന് സാധിച്ചു.

2024-25 അക്കാദമിക മികവിന്റെ വർഷമാണ്. യുജിസി നെറ്റ് പരീക്ഷയിൽ ഈ കോളേജിൽ നിന്നും മൂന്നു വിദ്യാർഥികൾ യോഗ്യത നേടി. കൂടാതെ ആറ് വിദ്യാർത്ഥികൾ പി എച്ച് ടി പ്രവേശനത്തിനുള്ള യോഗ്യത മാനദണ്ഡവും കടന്നു. ഇത് കോളേജിന്റെ അക്കാദമിക മികവിനെ

സാക്ഷ്യപ്പെടുത്തുന്നു എല്ലാവർക്കും പി ടി എ യുടെ പേരിലുള്ള അഭിനന്ദനം അറിയിച്ചുകൊള്ളുന്നു.

കഴിഞ്ഞ അക്കാദമിക വർഷം വിവിധ ദിനാഘോഷങ്ങൾ കോളേജിൽ അധ്യാപകരുടെ നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെട്ടു ഇൻറർനാഷണൽ യോഗ ഡേ, ഇൻറർനാഷണൽ ഒളിമ്പിക്സ് ഡേ, ടീച്ചേർസ് ഡേ, സ്വാതന്ത്ര്യ ദിനം റിപ്പബ്ലിക് ദിനം, ലഹരി വിരുദ്ധ ദിനം, മാതൃദിനം, ദേശീയ സംസ്ഥാന കായിക ദിനങ്ങൾ, ഒളിമ്പിക്സ് വാരാചരണം, നാഗസാക്കി ദിനം എന്നിവ വളരെ വിപുലമായി തന്നെ ആഘോഷിക്കപ്പെട്ടു. കൂടാതെ നിരവധി പ്രോഗ്രാമുകൾ ജീവനി സെൻററിന്റെ നേതൃത്വത്തിൽ കോളേജിൽ നടന്നു. എല്ലാ പ്രോഗ്രാമുകളും സുഗമമായി നടത്തുന്നതിൽ പിടിഎ നിർണായകമായ ഇടപെടലുകൾ നടത്തി. കോളേജിലെ വിവിധ ഫെസ്റ്റിവൽ കുട്ടികളുടെ അക്കാദമിക പ്രവർത്തനങ്ങൾ എന്നിവയ്ക്ക് ആവശ്യമായ ധനസഹായം പിടിഎ നൽകിവരുന്നു

കോളേജ് ഇൻട്ര മ്യൂറൽ കമ്മിറ്റി ശ്രീ അനൂപ് പിൻഹെയ്റോ ടെ നേതൃത്വത്തിൽ വിജയകരമായി മത്സരങ്ങൾ സംഘടിപ്പിച്ചു .എല്ലാ ബുധനാഴ്ചകളിലും വിവിധ ഗെയിമുകളിൽ ഇൻട്ര മ്യൂറൽ മത്സരങ്ങൾ നടത്തി. അധ്യാപക വിദ്യാർത്ഥികളുടെ സംഘടനാശേഷി വർധിപ്പിക്കുന്നത് മുൻനിർത്തിയാണ് മത്സരങ്ങൾ നടത്തപ്പെട്ടത്. വിവിധ ഇന്റർ കോളേജിയേറ്റ് മത്സരങ്ങളിൽ പങ്കെടുക്കുന്ന കോളേജ് ടീമുകളുടെ മാച്ച് ഫീ , ഇൻട്ര മ്യൂറൽ നടത്തിപ്പിന്റെ ചിലവ്, ഗ്രൗണ്ട് മാർക്കിങ്, എക്വിപ്മെന്റ് ലോക്കൽ പർച്ചേസ് എന്നിവ പിടിഎ ഏറ്റെടുത്ത് നടത്തിവരുന്നു

2024-25 വർഷത്തെ വ്യത്യസ്തമായ ഒരു പദ്ധതിയായിരുന്നു Earn While Learn. വിദ്യാർത്ഥികളിൽ സമ്പാദ്യ ശീലം വളർത്തുന്നതിനും സ്വയം പര്യാപ്തത നേടുന്നതിനും ഊന്നൽ നൽകി കൊണ്ടാണ് ഡയറക്ടറേറ്റ് ഓഫ് കോളേജ് എഡ്യൂക്കേഷന്റെ നേതൃത്വത്തിൽ ഈ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയത്. ഡോ. ഹാരിസ് ബാബു കെ എസ് കൺവീനറായ ഈ പദ്ധതിയിലൂടെ വിദ്യാർത്ഥികളെ വ്യത്യസ്തമായ ഗെയിമുകളിൽ ഒഫിഷ്യേറ്റിംഗ് പരിശീലിപ്പിച്ച് സ്വയം പര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യം കൈവരിച്ചു. ഖോ ഖോ, ജിംനാസിക്, അത്‌ലറ്റിക്, വോളിബോൾ ബാസ്ക്കറ്റ് ബോൾ, ക്രിക്കറ്റ് തുടങ്ങി 10 ഗെയിമുകളിൽ ഒഫിഷ്യേറ്റിംഗ് ക്ലാസുകൾ സംഘടിപ്പിച്ചു. ഒരു കായിക വിദ്യാഭ്യാസ സ്ഥാപനം എന്ന

നിലയ്ക്ക് കോഴിക്കോട് ജില്ലയിലും കേരളത്തിലെ വിവിധ ജില്ലകളിലും നടന്ന സ്കൂൾ തല മത്സരങ്ങളിൽ നമ്മുടെ കോളേജിൽ നിന്നുള്ള വിദ്യാർത്ഥികളാണ് മത്സരങ്ങൾ നിയന്ത്രിച്ചത് വിദ്യാർഥികൾക്കു വേണ്ട ഒഫിഷ്യേറ്റിംഗ് പരിചയം ലഭ്യമാക്കുന്നതിന് ഇത്തരം പരിപാടികൾ സഹായിക്കുന്നു 50ൽ പരം സബ്ജില്ല ആറിൽപരം റവന്യൂ ജില്ലാ മത്സരങ്ങൾ എന്നിവ സംഘടിപ്പിക്കുവാൻ നമ്മുടെ വിദ്യാർഥികളുടെ സഹായം തേടുകയുണ്ടായി എന്നത് ഒഫിഷ്യേറ്റിംഗ് ക്ലാസ്സുകളുടെ പ്രാധാന്യത്തെ ഊട്ടി ഉറപ്പിക്കുന്നു.

കോളേജിൽ ഒരു ഗവേഷണ വിഭാഗം എന്നുള്ളത് കോളേജിന്റെ സ്വപ്ന പദ്ധതിയാണ് കാലിക്കറ്റ് യൂണിവേഴ്സിറ്റി റിസർച്ച് ഡിപ്പാർട്ട്മെനുമായി ഏകീകരിച്ച്, കോളേജിൽ റിസർച്ച് ഡിപ്പാർട്ട്മെൻറ് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തന പദ്ധതികൾ നടപ്പിലാക്കി വരുന്നു. അടുത്ത അക്കാദമിക വർഷം റിസർച്ച് ഡിപ്പാർട്ട്മെൻറ് നമുക്ക് അനുവദിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ഈ കോളേജിലെ വൈസ് പ്രിൻസിപ്പാൾ ഡോക്ടർ സുനിൽ അൽഫോൻസിന്റെ ശ്രമഫലമായി കണ്ടിന്യൂയിങ് എഡ്യൂക്കേഷൻ കേരളയുടെ ഒരു സബ് സെൻറർ ഈ കോളേജിന് അനുവദിക്കുകയുണ്ടായി ഈ സെന്ററിന്റെ ആഭിമുഖ്യത്തിൽ നമ്മുടെ വിദ്യാർത്ഥികൾക്കും പൂർവ്വ വിദ്യാർത്ഥികൾക്കും സമൂഹത്തിലെ വിവിധ മേഖലയിലുള്ള ആളുകൾക്കും വേണ്ടി തൊഴിൽ നൈപുണ്യവും അക്കാദമിക മികവും വർധിപ്പിക്കുന്നതിനായി വിവിധ കോഴ്സുകൾ നടത്തുവാൻ മുൻകൈയെടുത്ത് വരുന്നു ഇതിന്റെ പ്രവർത്തനം ആരംഭഘട്ടത്തിലാണ്. ദേശീയ ഏജൻസികളായ NCTE,NAAC, സംസ്ഥാന ഏജൻസിയായ കെ ഐ ആർ എഫ് എന്നിവയുടെ അംഗീകാരവും റാങ്കിംഗും ലഭിക്കുന്നതിന് വേണ്ടി പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുവാൻ ഈ കോളേജിന്റെ IQAC യുടെ നേതൃത്വത്തിൽ സാധിച്ചു.

ഈ കോളേജിലെ വിദ്യാർത്ഥികളുടെ ഉന്നമനത്തിനുവേണ്ടി 30 ഓളം കമ്മിറ്റികളും ക്ലബ്ബുകളും പ്രവർത്തിച്ചുവരുന്നു ആൻറി ആൻറി റാഗിംഗ് കമ്മിറ്റി, വിമൻസ് ഡെവലപ്മെന്റ് സെൽ, സ്റ്റുഡൻസ് ഗ്രിവൻസ് ആൻഡ് റിഡ്രസൽ സെൽ ,വിമുക്തി ,ജീവനി , ലിറ്ററി ക്ലബ് തുടങ്ങിയവ ഇതിൽ ചിലത് മാത്രമാണ്.

ഈ അക്കാദമിക വർഷവും വരുന്ന വർഷവും കോളേജിൽ കോഴ്സുകളുടെ അഫിലിയേഷൻ ഫീ, സീറ്റ് വർദ്ധന ,പുതിയ കോഴ്സുകൾ എന്നിവയുമായി ബന്ധപ്പെട്ട് പിടിഎ ഫണ്ടിൽ നിന്നും തുക ചിലവഴിച്ചു .കോളേജ് ഹോസ്റ്റൽ പരിസരം എന്നിവിടങ്ങളിൽ കാടുവെട്ടി വൃത്തിയായി സൂക്ഷിക്കുന്നതിനും കൂടാതെ ഈ കോളേജിൻറെ ഗാർഡൻ പരിപാലിക്കുന്നതിനും പിടിഎ ശ്രദ്ധ ചെലുത്തുന്നു

ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി കായിക വിദ്യാഭ്യാസ മേഖലയിലും സമുചിതമായ മാറ്റം വന്നിട്ടുണ്ട് ബിപിഎഡ് നാലു വർഷ കോഴ്സ് FYUGP യുടെ കീഴിൽ ആകുവാൻ വേണ്ട പ്രാരംഭ നടപടികൾ സ്വീകരിച്ചു കഴിഞ്ഞു ഇതിൻറെ ഭാഗമായി പിടിഎ യുടെ സഹായത്തോടു കൂടി ദിദിന വർഷോപ്പ് സംഘടിപ്പിച്ചു. അടുത്തവർഷം കോളേജിൽ FYUGP നടപ്പിലാക്കുമെന്ന് പ്രതീക്ഷിക്കുന്നു.

കേരള സർക്കാരിന്റെ കീഴിലുള്ള ഒരേയൊരു കായിക വിദ്യാഭ്യാസ സ്ഥാപനം എന്ന നിലയ്ക്ക് വളരെ മികച്ചതും സുസ്ഥിരവുമായ പ്രകടനമാണ് കോളേജ് കാഴ്ചവച്ചത്. അക്കാദമിക നിലവാരം ഉയർത്തുവാനും ഭൗതിക സാഹചര്യ വികസനവും മുൻനിർത്തി ഡോക്ടർ പ്രസന്നകുമാരൻ കെ.യുടെ നേതൃത്വത്തിൽ അധ്യാപകരുടെയും പിടിഎയുടെയും അനധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കൂട്ടായ പ്രവർത്തനമാണ് ഈ സ്ഥാപനത്തെ മുന്നിൽ എത്തിക്കാൻ സഹായിച്ചത്. മികവിന്റെ കേന്ദ്രമാകാൻ തുടർന്ന് പരിശ്രമിക്കുമെന്ന് ഉറപ്പുനൽകിക്കൊണ്ട് ഈ റിപ്പോർട്ട് പിടിഎ അംഗങ്ങളുടെ ചർച്ചയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.